(ബി) 615 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഏകദേശം 132 ചെറുകിട ജലവൈദ്യുതപദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്.

(സി)&(ഡി) കൂടുതൽ ലാഭകരമായതും പരിസ്ഥിതി - വനം വകുപ്പുകളുടെ അനുമതി എളുപ്പം ലഭിക്കാൻ സാധ്യതയുള്ളതും, കുടിയൊഴിപ്പിക്കൽ ആവശ്യമില്ലാത്തതുമായ പദ്ധതികൾക്ക് മുൻഗണന നൽകികൊണ്ട്, മേൽപറഞ്ഞ എല്ലാ പദ്ധതികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

54 (1900) എടരിക്കോട് വൈദ്യുതി നിലയം

ശ്രീ. എം. കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട് വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)എടരിക്കോട് വൈദ്യുതി നിലയത്തിന്റെ നിർമ്മാണം വൈദ്യുതി ബോർഡ് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയെ (കെൽ) യാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡീസൽ ഇന്ധനമായ ഈ നിലയത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നതിനിടയിൽ, വൈദ്യുതി ഉല്പാദനത്തിന് ഡീസൽ ഉപയോഗിക്കുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചു. ഇതേ തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നു ഇപ്പോൾ കേന്ദ്ര സർക്കാർ നിരോധനം നീക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

55 (1901) സൗരോർജ്ജ വൈദ്യുതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജംവഴി വൈദ്യുതി വിതരണം നടത്തിയതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനെർട്ടിന്റെ സഹായത്തോടെ 25 കിലോവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത പദ്ധതി തിരുവനന്തപുരത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്ഥാനമായ വൈദ്യുതി ഭവനിൽ നടപ്പാക്കി വരുന്നു. ഇത് 31.3.2000-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 76,63,520 രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 50,00,000 രൂപയാണ്. ബാക്കിയുള്ള 26,63,520 രൂപ അനെർട്ടിന്റെ വിഹിതം ആണ്. ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

56 (1902) വൈദ്യുതിയുടെ പ്രസരണ- വിതരണ നഷ്ടം

ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വൈദ്യുതി ബോർഡിന്റെ ഒരു ദിവസത്തെ ശരാശരി പ്രസരണ നഷ്ടം എത്ര യൂണിറ്റാണ്;

(ബി) ഒരു ദിവസത്തെ ശരാശരി വിതരണ നഷ്ടം എത്ര യൂണിറ്റാണ്;

(സി) ഒരു ദിവസത്തെ ശരാശരി പ്രസരണ-വിതരണ നഷ്ടം എത്ര യൂണിറ്റാണ്;

(ഡി) ഇത് ഉത്പാദിപ്പിക്കപ്പെടുകയും വാങ്ങുകയും ചെയ്യുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ്;

(ഇ) അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പ്രസരണ-വിതരണ നഷ്ടം എത്രയാണ്;

(എഫ്)പ്രസരണനഷ്ടവും വിതരണനഷ്ടവും കൂടുവാനുള്ള കാരണം വ്യക്തമാക്കാമോ;

(ജി) ഇവ അന്തരാഷ്ട്ര നയത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള നിരക്കിലേക്ക് താഴുന്നപക്ഷം വൈദ്യുതി ചാർജ് കൂടാതെ തന്നെ ബോർഡിന് ലാഭമുണ്ടാക്കാൻ കഴിയുമോ;

(എച്ച്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം എത്രയായിരുന്നു;

(ഐ) ഇത് കുറച്ചു കൊണ്ടുവരുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)(ബി)&(സി) പ്രസരണനഷ്ടവും വിതരണനഷ്ടവും പ്രത്യേകം പ്രത്യേകം കണക്കാക്കാനുള്ള സജ്ജീകരണങ്ങൾ ഇപ്പോൾ നിലവിലില്ല. 1998-99 -ൽ ഒരുദിവസത്തെ ശരാശരി പ്രസരണ-വിതരണ നഷ്ടം 5.429 ദശലക്ഷം യൂണിറ്റാണ്.

(ഡി) 17.75 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly